# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.126 | | 11.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സ്മാർട്ട് സിറ്റി, അമൃത് പദ്ധതികൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.പി.കെ. ശശി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേന്ദ്ര-സംസ്ഥാന സർക്കാരുകളും നഗരസഭയും സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന നഗരവികസന ആധുനികവൽക്കരണ പദ്ധതിയായ സ്മാർട്ട് സിറ്റി പദ്ധതിയിൽ 3-ാം ഘട്ടത്തിൽ സ്ഥാനം നേടാൻ കഴിഞ്ഞ തലസ്ഥാനനഗരത്തിന്റെ വികസനത്തിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ 1522 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. സ്ഥലപര വികസന ഘടകത്തിൽ അടിസ്ഥാന നഗര സേവനങ്ങൾ, സുരക്ഷിതവും പ്രാപ്യവുമായ ഗതാഗത സംവിധാനങ്ങൾ, കാര്യക്ഷമമായ ഭൂവിനിയോഗം, സംസ്കാരിക തനിമയും പൈതൃകവും സംരക്ഷിക്കൽ, പരിസ്ഥിതി സൗഹൃദ വികസനം, സാമൂഹിക - സാമ്പത്തിക ഉൾക്കൊള്ളൽ തുടങ്ങിയ 5 മേഖലകൾ ഉൾപ്പെടുന്ന 33 വികസന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാൻ സിറ്റി ഘടകത്തിൽ സ്മാർട്ട് വാട്ടർ മീറ്ററിംഗ്, ഖരമാലിന്യ ഡാറ്റാ സെന്റർ, എമർജൻസി റെസ്പോൺസ് സിസ്റ്റം, കാര്യക്ഷമമായ ഗതാഗത നിയന്ത്രണ സംവിധാനം, സുരക്ഷിത സഞ്ചാരം (സ്ട്രീറ്റ് ലൈറ്റ്), സ്മാർട്ട് മോസ്കിറ്റോ ഡെൻസിറ്റി സിസ്റ്റം ഇ-ഗവേണൻസ് പോർട്ടൽ തുടങ്ങി 7 പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുവേണ്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണം തുടങ്ങിയ പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ട്രിവാൻഡ്രം സ്മാർട്ട് സിറ്റി മിഷൻ എന്ന പേരിൽ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.ഗോപാലകൃഷ്ണൻ ഐ.എ.എസ്സ്. നെ നിയമിച്ചിട്ടുണ്ട്. |
| (സി) | മുൻഘട്ടത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചി നഗരത്തിലെ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള കാലവിളംബം പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; | (സി) | പദ്ധതി പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. 61.7 കോടി അടങ്കൽ വരുന്ന 6 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി ഐ.പി.ഇ. ഗ്ലോബലിനെ നിയമിച്ചു. 2016-17 സംസ്ഥാന ബജറ്റിൽ ആകെ 396 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 392.8 കോടി രൂപ കൊച്ചിൻ സ്മാർട്ട് സിറ്റി മിഷന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.<br>സ്മാർട്ട് സിറ്റി ഏരിയയിലേക്കുള്ള പദ്ധതികൾ ത്വരിതഗതിയിലാക്കാൻ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം (കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ടൂറിസം, പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | | | വകുപ്പ്, കുടുംബശ്രീ തുടങ്ങിയവ) കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡാണ് നടത്തുന്നത്. |
| (ഡി) | സംസ്ഥാനത്ത് നിലവിൽ 9 നഗരങ്ങളിൽ നടപ്പാക്കി വരുന്ന അമൃത് പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | അമൃത് പദ്ധതിയിൽ 2357 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 375 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 91 കുടിവെള്ള പദ്ധതികൾ (മൊത്തം പദ്ധതി തുകയുടെ 41% വരുന്ന 1061 കോടി രൂപ) കേരള വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്. സ്വിവറേജ്/സെപ്റ്റേജ് സെക്ടറിൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ച, 6 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾ വിദഗ്ധ സമിതി പരിശോധിച്ച് വരുന്നു.<br>2015-16, 2016-17 വർഷത്തെ അംഗീകാരം ലഭിച്ച പദ്ധതികൾക്കായി 134 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 80 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. ആകെ 214 കോടി രൂപ അമൃത് അക്കൗണ്ടിൽ ലഭ്യമാണ്. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി പദ്ധതി നിർവ്വഹണം ആരംഭ ഘട്ടമായതിനാൽ 3.08 കോടി രൂപ മാത്രമേ ചിലവ് വന്നിട്ടുള്ളൂ. 2017-18 സംസ്ഥാന ബഡ്ജറ്റിൽ അമൃതിനായി 375 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (കേന്ദ്രം - 225 കോടി, സംസ്ഥാനം - 150 കോടി രൂപ).<br>പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനായി പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുമായി സംസ്ഥാന തലത്തിൽ പ്രത്യേക സാങ്കേതിക വിദഗ്ധ സമിതികൾ 2017 ഏപ്രിലിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിശദമായ പദ്ധതി രൂപരേഖ കാര്യക്ഷമമായും വേഗത്തിലും തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. പദ്ധതിയുടെ മേൽനോട്ടത്തിനും പ്രവർത്തന ഏകോപനത്തിനുമായി വിവിധ വകുപ്പ് പ്രതിനിധികളടങ്ങിയ തദ്ദേശ സ്വയംഭരണ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല സാങ്കേതിക സമിതിയും വിവിധ വകുപ്പ് മേലദ്ധ്യക്ഷൻമാർ ഉൾപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സംസ്ഥാന തല ഉന്നതാധികാര സമിതിയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ പിന്തുണ നൽകാൻ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ